# ചെങ്ങറ സമരം :
# മധ്യവർത്തികൾക്കെതിരെ ദലിതർ ജാഗ്രത പാലിക്കണം

**ഗീതാനന്ദൻ എം.**

ചെങ്ങറ സമരത്തിന്റെ പര്യാവസാനം സമ്മിശ്രമായ പ്രതികരണങ്ങളാണ് കേരളത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. ചെങ്ങറ സമര നേതൃത്വമുൾപ്പെടെ വലിയൊരു വിഭാഗം ആളുകൾ ഒത്തുതീർപ്പിൽ സമ്പൂർണ്ണ തൃപ്തരല്ല. സമരം ഒത്തുതീർത്ത ഭരണ/പ്രതിപക്ഷ നേതാക്കളും കാര്യമായ അവകാശവാദങ്ങൾ ഉന്നയിക്കുന്നതായി കാണുന്നില്ല. എന്തായാലും കേരളത്തിലെ ഭൂരഹിതരുടെ, വിശേഷിച്ചും ദലിത് ആദിവാസി ജനവിഭാഗങ്ങളുടെ കൃഷിഭൂമിയെന്ന ആവശ്യം, മുഖ്യപരിഗണനയുള്ള ഒരു വിഷയമായി ഏറ്റെടുക്കാൻ തയ്യാറല്ല എന്നാണ് ഒത്തുതീർപ്പിലൂടെ ഭരണ-പ്രതിപക്ഷ നേതൃത്വങ്ങൾ ഒറ്റക്കെട്ടായി വ്യക്തമാക്കിയിരിക്കുന്നത്. ഇത് കേരളത്തിലെ ദലിത്-ആദിവാസി ജനവിഭാഗങ്ങളെയും കേരളത്തിന്റെ സമ്പദ്ഘടനയിൽ ഗുണകരമായ മാറ്റങ്ങൾ വേണമെന്ന താൽപ്പര്യം വെച്ചുപുലർത്തുന്ന പൊതുസമൂഹത്തിലെ വലിയൊരു വിഭാഗം ആളുകളെയും നിരാശപ്പെടുത്തിയിട്ടുണ്ട്. ദലിത് ജനവിഭാഗങ്ങളുടെ ഭൂപ്രശ്നത്തിനുള്ള പരിഹാരമായി ചെങ്ങറ ഒത്തുതീർപ്പ് പരിഗണിക്കാൻ കഴിയില്ല എന്നാണ് ബഹുഭൂരിപക്ഷം ആദിവാസി - ദലിത് സംഘടനകളും വ്യക്തമാക്കിയിരിക്കുന്നത്.

## ഭൂപരിഷ്കരണവും പുതിയ മുന്നേറ്റങ്ങളും

70 കളിലെ ഭൂപരിഷ്കരണത്തിന് ശേഷം ഭരണാധികാരികൾ വികസിപ്പിച്ച കേരള മോഡലിന്റെ ഉൽപ്പന്നമാണ് കേരളത്തിലെ ദലിത്-ആദിവാസി കോളനികൾ. കൃഷിഭൂമിയോടൊപ്പം കൈമാറ്റം ചെയ്യപ്പെട്ട അടിമകളായ അയിത്ത ജാതിക്കാർക്ക് ഭൂപരിഷ്കരണം അനുവദിച്ചത് "കുടികിടപ്പാണ്." പാട്ടക്കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം നല്കുമ്പോൾ, ഭൂമിയിലും അടിമയിലും അധികാരമുണ്ടായിരുന്ന ജന്മിവർഗ്ഗങ്ങൾ അയിത്ത ജാതിക്കാരെ കുടിയിറക്കിവിടാതിരിക്കാനുള്ള ഉപാധിയായാണ് "കുടികിടപ്പ്''വകാശം അംഗീകരിക്കപ്പെട്ടത്. കൂട്ടുകുടുംബ വ്യവസ്ഥയിൽ കഴിഞ്ഞിരുന്ന ദലിതരിലെ ഗൃഹനാഥനെ കേന്ദ്രമായി അംഗീകരിച്ച കുടികിടപ്പിലൂടെ ദലിത്- ആദിവാസി സമൂഹത്തിലെ ചെറിയൊരു ശതമാനം കുടുംബങ്ങൾക്ക് മൂന്ന് സെന്റും അഞ്ച് സെന്റും നല്കി എന്നതാണ് ഭൂപരിഷ്കരണത്തിലെ പുരോഗമനപരമായ നടപടി. മിച്ചഭൂമി വിതരണം ഒരു പ്രഹസനമായി മാറിയപ്പോൾ, ദലിത്- ആദിവാസി ജനവിഭാഗങ്ങളുടെ കൃഷിഭൂമിക്ക് വേണ്ടിയുള്ള ശക്തമായ ത്വര കേരളത്തിൽ കഴിഞ്ഞ ദശകങ്ങളിൽ സംഘടിതരൂപമാർജ്ജിച്ചിട്ടുണ്ട്. 90 - കൾ മുതൽ കേരളത്തിൽ ഉയർന്നു വന്ന നിരവധി ആദിവാസി ഭൂസമരങ്ങളും, 2000–2001 കാലഘട്ടത്തിൽ കേരളത്തിൽ വ്യാപകമായി നടന്ന പട്ടിണി മരണങ്ങളെ തുടർന്നുള്ള സെക്രട്ടറിയേറ്റ് പടിക്കൽ നടന്ന കുടികെട്ടൽ സമരവും സംസ്ഥാന തലത്തിൽ നടന്ന ആദിവാസികളുടെ ഉയർത്തെഴുന്നേൽപ്പും, മുത്തങ്ങവന ഭൂമിയിൽ ആദിവാസികൾ നടത്തിയ അവകാശ സ്ഥാപന സമരവും, മറ്റ് നിരവധി ദലിത്- ആദിവാസി സമരങ്ങളുടെയും തുടർച്ചയാണ് ചെങ്ങറ സമരം. ചെങ്ങറ സമരത്തെ തുടർന്ന് കേരളത്തിലെ ആദിവാസി - ദലിത് സമൂഹം വിപുലമായ ഒരു ഐക്യവേദിയിൽ അണിനിരക്കാനും ദലിതർക്കും ഭൂരഹിതർക്കും കൃഷിഭൂമി നല്കിക്കൊണ്ടുള്ള രണ്ടാം ഭൂപരിഷ്കരണമെന്ന രാഷ്ട്രീയമായ ആവശ്യം ഉയർത്തി കേരളത്തിലെ മ്പാടും തെരുവിലിറങ്ങി എന്നതും ശ്രദ്ധേയമാണ്. 20 ലക്ഷത്തോളം ദലിത്-ആദിവാസി ജനവിഭാഗങ്ങൾ മേൽചൊന്ന ആവശ്യമുയർത്തി തെരുവിലിറങ്ങി എന്നാണ് കണക്കാക്കപ്പെടുന്നത്. ദലിത് ആദിവാസി സമൂഹം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയമായ പക്വതയും, ഒരു സമുദായമെന്ന നിലയിൽ അത് നടത്തിക്കൊണ്ടിരിക്കുന്ന സംഘടിതമായ വിലപേശലും മുത്തങ്ങ മുതൽ ചെങ്ങറ വരെ എത്തി നിൽക്കുന്ന ദലിത്- ആദിവാസി അനുഭവങ്ങളുടെ അനന്തര ഫലമാണ്.

## മുത്തങ്ങ മുതൽ ചെങ്ങറ വരെ

ചെങ്ങറ സമരത്തിന്റെ പര്യവസാനം എന്തുതന്നെയായാലും ചെങ്ങറസമരം കേരളത്തിലെ രാഷ്ട്രീയ വ്യവഹാരത്തിൽ മൗലികമായ ഒട്ടേറെ വിഷയങ്ങൾ ഉന്നയിച്ചു കഴിഞ്ഞിട്ടുണ്ട്. മുത്തങ്ങയിൽ ആദിവാസികളെ അടിച്ചമർത്താൻ കേരളത്തിലെ ഭരണ പ്രതിപക്ഷ നേതൃത്വങ്ങളും കേരളത്തിലെ മധ്യവർഗ്ഗ മനസ്സും ഉപയോഗപ്പെടുത്തിയത് വനഭൂമിയുടെയും പ്രകൃതിസമ്പത്തിന്റെയും സംരക്ഷണമാണ്. പാവപ്പെട്ട ആദിവാസികളുടെ ചുടുചോര കുറെയധികം ഒഴുകിയതിന് ശേഷമെങ്കിലും ഇപ്പോൾ വനാവകാശ നിയമം ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടു.

ഇപ്പോൾ ഭരണ-പ്രതിപക്ഷ രാഷ്ട്രീയക്കാരും പരിസ്ഥിതിക്കാരും വനാവകാശനിയമത്തിന്റെ നടത്തിപ്പുകാരാണ്. മുത്തങ്ങയിലെ 750 ഓളം ആദിവാസികളെ കുറ്റവിചാരണയ്ക്ക് വിധേയമാക്കിക്കൊണ്ടാണ് ഇവർ വനാവകാശനിയമം ചുമന്ന് നടക്കുന്നത് എന്നത് മറ്റൊരു കാര്യം. അതിലേറെ അപഹാസ്യമായത് മുത്തങ്ങ

വനഭൂമിയിലൂടെ രാത്രികാലത്തും യാത്രാസ്വാതന്ത്ര്യത്തിന് വേണ്ടി ഇവർ കക്ഷിരാഷ്ട്രീയഭേദമെന്യേ നിയമയുദ്ധം തുടരുന്നു എന്നതാണ്. ഈ വിവാദങ്ങൾക്കിടയിലെല്ലാം സൗകര്യപൂർവ്വം ഇവർ മറന്നുകളയുന്നത് ഭരണഘടനയിലെ ദളിത്-ആദിവാസി സംരക്ഷണവകുപ്പുകളും, പ്രസ്തുത വകുപ്പുകൾ മുൻനിർത്തി അവർ നൽകിയ ഉറപ്പുകളും കരാറുമാണ്.2001 ഒക്ടോബറിൽ കേരള സർക്കാർ ആദിവാസികൾക്ക് ഒരു ഉറപ്പ് നൽകിയിരുന്നു എന്നതിനെക്കുറിച്ച് വളരെ വിദഗ്ധമായാണ് ഇടതുപക്ഷവും, പ്രതിപക്ഷനേതാവും ഒരേപ്പോലെ ഓർമ്മക്കുറവ് കാണിക്കുന്നത്. അതുകൊണ്ടാണ് ചെങ്ങറ പ്രശ്നം ഒത്തുതീർപ്പാക്കുമ്പോൾ ആദിവാസികൾക്ക് വേണ്ടി പുതിയ ചില തീരുമാനങ്ങളെടുത്തത്. എന്തായാലും ചെങ്ങറസമരം ഉയർത്തിയ പ്രശ്നത്തെ നേരിടാൻ വി.എസ്.അച്യുതാനന്ദനും ഉമ്മൻചാണ്ടിക്കും ഈ നാട്ടിലെ മധ്യവർഗ്ഗ ബുദ്ധിജീവികൾക്കും പരിസ്ഥിതിയുടെ മുഖാവരണം അണിഞ്ഞുകൊണ്ട് രംഗത്തുവരാൻ കഴിഞ്ഞില്ല. കാരണം, എസ്റ്റേറ്റ് സമ്പദ്‌വ്യവസ്ഥയുടെ ദളിത്-ആദിവാസിവിരുദ്ധ സ്വഭാവത്തെ ചെങ്ങറ സമരം കേരളത്തിൽ സജീവമായി ഉയർത്തിക്കൊണ്ടുവന്നു. കേരളത്തിലെ ഭൂരഹിതർക്ക് നൽകാൻ കൃഷിഭൂമിയല്ല എന്ന വാദത്തെ സമരം തുറന്നുകാട്ടി. മുത്തങ്ങയിലെ അടിച്ചമർത്തലിലൂടെ ഇനി സമരം ചെയ്യരുത് എന്ന് കറുത്തവർഗ്ഗക്കാർക്ക് ഭരണാധികാരികൾ നൽകിയ സന്ദേശത്തെ മറികടന്ന്, ദലിതർക്ക് സമരം ചെയ്യാം എന്ന അവബോധം ചെങ്ങറസമരം വളർത്തിയെടുത്തിട്ടുണ്ട്. ളാഹ ഗോപാലന്റേയും ചെങ്ങറഭൂരഹിതരുടേയും പ്രസക്തി അതാണ്.

ഭൂസമരത്തിന്റെ സാധ്യതകളും പരിമിതികളും

ഇടതുപക്ഷഭരണക്കാലമെന്നത് ഭൂമിയുടെ പ്രശ്നം ഭരണതല ഇടപെടൽവഴി ഏറ്റവും കൂടുതൽ തുറന്നുകാട്ടപ്പെട്ട കാലഘട്ടമാണ്.മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ ഇടപെടൽവഴിയും കമ്മീഷൻ റിപ്പോർട്ടുകൾ വഴിയും ഭൂമിയുടെ ലഭ്യതയുടെ പ്രശ്നം പുറത്തുക്കൊണ്ടുവന്നിട്ടുണ്ട്.ദേശീയ തലത്തിൽ നന്ദിഗ്രാം ഉൾപ്പെടെയുള്ള മേഖലകളിലെ ചെറുത്തുനില്പിലൂടെ ഇടതു-വലതു പ്രസ്ഥാനങ്ങളുടെ പ്രത്യാക്രമണങ്ങളെ ചെറുക്കാനുള്ള രാഷ്ട്രീയമായ പിൻബലവും ചെങ്ങറസമരത്തിന് കിട്ടിയിരുന്നു.മുത്തങ്ങ സംഭവത്തിനുശേഷം മലയാളി സമൂഹം ആർജ്ജിച്ച അപബോധവും സമരത്തിനനുകൂലമായ സാഹചര്യം സൃഷ്ടിച്ചിരുന്നു.എല്ലാറ്റിനും പുറമെ കേരളത്തിലെ ദളിത്-ആദിവാസി സമൂഹം സംഘടിതമായി ചെങ്ങറസമരം ഉന്നയിച്ച വിഷയത്തെ രാഷ്ട്രീയമായി ഏറ്റെടുക്കാനും മുന്നോട്ടുവന്നിരുന്നു.ഈ സാധ്യതകളെ പൂർണ്ണമായും ളാഹഗോപാലനും സമരനേതൃത്വത്തിനും ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, സമരത്തെ ഒരു സ്വതന്ത്ര ദളിത് സമരമായി യുക്തിസഹമായി പര്യവസാനത്തിലെത്തിക്കുന്നതിലും നേതൃത്വത്തിന് പാളിച്ചകൾ സംഭവിച്ചതായി കാണാം.അടിസ്ഥാനപരമായി ഒരു സ്വതന്ത്ര ദളിത് സമരമായിരുന്നപ്പോൾത്തന്നെ, കേരളത്തിലെ സംഘടിത ആദിവാസി - ദളിത് മുന്നേറ്റങ്ങളിൽ നിന്നും വേർപ്പെടുത്തി ഇടതുപക്ഷവിമർശകരുടെയും, മധ്യവർഗ്ഗബുദ്ധിജീവികളുടെയും ഭൂപ്രശ്നത്തെക്കുറിച്ച് മൗലികമായ നിലപാടില്ലാത്ത എസ്.യു.സി.ഐ പോലുള്ള സംഘടനകളുടെയും, പ്രതിപക്ഷപാർട്ടികളുടേയും രാഷ്ട്രീയമായ നിലപാടുകൾ സമരത്തിന്റെ ഒത്തുതീർപ്പിൽ സ്വാധീനിച്ചു എന്ന് കാണാം. മേൽചൊന്ന പിന്തുണക്കാരിൽ ആരും തന്നെ ദളിത് പ്രശ്നത്തെ കേരളത്തിന്റെ രാഷ്ട്രീയപ്രശ്നവുമായി ബന്ധിപ്പിച്ച് പരിഹാരം നിർദ്ദേശിക്കുന്നവരല്ല.ചെങ്ങറ പ്രശ്നം ചെങ്ങറയിലെ ഭൂരഹിതരെ ഭൂമിയിൽനിന്നും ഇറക്കിക്കൊണ്ട് പരിഹാരം കാണണമെന്ന് കരുതുന്നവരാണ് ഇവരെല്ലാം.മാത്രമല്ല, ദളിത് - ആദിവാസി പ്രശ്നത്തെ ഒരു സമൂഹത്തിലെ പൊതുവായ പ്രശ്നമെന്നനിലയിൽ പരിഹാരം നിർദ്ദേശിക്കാനുള്ള ശേഷിയോ ആർജ്ജവമോ ഇവർക്കില്ലതാനും. ആയതിനാൽ, ഒത്തുതീർപ്പ് എന്തുതന്നെയായാലും ചെങ്ങറയിലെ ഭൂരഹിതരും, ളാഹ ഗോപാലനും സമരം തുടരേണ്ടിവരും.കേരളത്തിലെ മുഴുവൻ ദളിതരുടെയും ഭൂപ്രശ്നങ്ങളുടെതലത്തിൽ നിന്ന് പ്രശ്നത്തെ അഭിസംബോധന ചെയ്യാനും അവർക്ക് കഴിയണം.

ഒറ്റപ്പെട്ട കുടിൽകെട്ടൽ സമരത്തിന് ഇന്ന് പ്രസക്തിയില്ല. 2001 ലെ ആദിവാസി കുടിൽകെട്ടി സമരം മുഴുവൻ ആദിവാസികൾക്കും ബാധകമായ ഒരു സാമുദായിക - രാഷ്ട്രീയ പരിഹാരമാണ് നിർദ്ദേശിച്ചത്. അത്തരത്തിലുള്ള ഒരു തീർപ്പുമുണ്ടായി. അത് ലംഘിക്കപ്പെട്ടപ്പൊഴുണ്ടായ പ്രതീകാത്മകമായ ഒരു പ്രക്ഷോഭം മാത്രമാണ് മുത്തങ്ങ സമരം. കരാറിനെ പുനരുജ്ജീവിപ്പിക്കാൻ സമരത്തിന് കഴിഞ്ഞിട്ടുണ്ട്. ഭൂസമരങ്ങൾ, പ്രത്യേകിച്ചും മുത്തങ്ങയ്ക്ക് ശേഷം, ഏതാനും കുടുംബങ്ങളുടെ വിഷയമെന്ന നിലയിൽ കുടിൽകെട്ടി പരിഹാരം കാണാൻ കഴിയില്ല. അത്തരം സമരങ്ങളുടെ പരമാവധി സാധ്യത മിച്ചഭൂമി വിതരണമാണ്. ദലിതരുടെ ഒരു സാമുദായിക രാഷ്ട്രീയ പ്രശ്നമെന്ന നിലയിലും കേരളീയരുടെ പ്രശ്നവുമെന്ന നിലയിൽ ഇത് നോക്കിക്കാണാൻ കഴിയണം. വിപുലമായ സമരമുന്നണിയാണ് ഇതിനാവശ്യം. ദലിത് അടിത്തറയിൽ നിന്ന് അത് സാധ്യവുമാകണം.


*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com